എം. സാജിദ്

# പ്രത്യേക സാമ്പത്തിക മേഖലയും സ്മാർട്ട് സിറ്റിയും

ഒരു രാജ്യത്തിനകത്ത് അവിടത്തെ പൊതു സാമ്പത്തിക നിയമങ്ങൾ ബാധകമല്ലാത്ത ഭൂപ്രദേശത്തെയാണ് പ്രത്യേക സാമ്പത്തിക മേഖല (Speciel Economic Zone - SEZ) എന്നു വിളിക്കുന്നത്. വിദേശനിക്ഷേപവും കയറ്റുമതിയും വർധിപ്പിച്ച് സാമ്പത്തിക വളർച്ചയുടെ തോത് ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് പ്രത്യേക സാമ്പത്തിക മേഖലകൾ സ്ഥാപിക്കപ്പെടുന്നത്. '80-കളുടെ തുടക്കത്തിൽ ചൈനയിലാണ് ഈ ആശയം ആദ്യമായി രൂപംകൊള്ളുന്നത്. ചൈനക്കു പിന്നാലെ ഇപ്പോൾ റഷ്യ, ഇന്ത്യ, പാകിസ്താൻ, ഇറാൻ, ജോർദാൻ, പോളണ്ട്, ഖസാക്കിസ്താൻ, ഫിലിപ്പീൻസ്, ഉക്രൈൻ തുടങ്ങിയ രാജ്യങ്ങളിലും 'സെസു'കൾ രൂപം കൊണ്ടിരിക്കുന്നു. 2007-ലെ ലോകബാങ്ക് കണക്കനുസരിച്ച് ലോകത്തൊട്ടാകെ 120 രാജ്യങ്ങളിലായി 3000-ലധികം പ്രോജക്റ്റുകളാണ് 'സെസു'കളിൽ നടന്നുവരുന്നത്.

ഇന്ത്യാ ഗവൺമെന്റിന്റെ ഔദ്യോഗിക രേഖകൾ പ്രകാരം രാജ്യത്ത് ഇതിനകം 234 പ്രത്യേക സാമ്പത്തിക മേഖലകൾക്ക് പൂർണമായ അംഗീകാരം നൽകപ്പെട്ടിരിക്കുന്നു. 162 മേഖലകൾക്ക് തത്ത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. 134 എണ്ണം പരിഗണനയിലുമാണ്. കേരളത്തിൽ 10 സെസുകൾക്ക് പൂർണമായ അംഗീകാരവും 2 എണ്ണത്തിന് തത്ത്വത്തിലുള്ള അംഗീകാരവും ലഭിച്ചിട്ടുണ്ട്. ഈ 12-ൽ എട്ടെണ്ണവും എറണാകുളം ജില്ലയിലാണ്. ജില്ലയിലെ 2236.19 ഏക്കർ ഭൂമിയാണ് പ്രത്യേക സാമ്പത്തിക മേഖലകൾ സൃഷ്ടിക്കുന്നതിനായി ഏറ്റെടുത്തിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ മൂന്ന് 'സെസു'കൾക്കായി 137.8 ഏക്കറും കോഴിക്കോട് ജില്ലയിലെ ഒരു മേഖലക്കായി 22.7 ഏക്കർ ഭൂമിയും ഏറ്റെടുക്കും.

2005 ജൂൺ 23-നാണ് യു.പി.എ സർക്കാർ സെസ് ആക്റ്റ് പാർലമെന്റിൽ അവതരിപ്പിച്ചത്. ഇടതുപക്ഷത്തിന്റെ കൂടി പിന്തുണയോടെയാണ് ആക്റ്റ് പാർലമെന്റിൽ പാസ്സായത്. ഈ ആക്റ്റനുസരിച്ച് സെസുകളിലെ യൂനിറ്റുകളിലേക്ക് ഇറക്കുമതി/കയറ്റുമതി ചെയ്യുന്ന സാധനങ്ങൾക്കോ സേവനങ്ങൾക്കോ കസ്റ്റംസ് ഡ്യൂട്ടിയും എക്സൈസ് ഡ്യൂട്ടിയും ഈടാക്കുന്നതല്ല. സർവീസ് ടാക്സ്, സെക്യൂരിറ്റി ട്രാൻസാക്ഷൻ ടാക്സ്, സെയിൽസ് ടാക്സ് എന്നിവയും സെസുകളിൽ ബാധകമായിരിക്കില്ല. ഓരോ സെസിലെയും ഭരണപരമായ നിയന്ത്രണവും മേൽനോട്ടവും വഹിക്കുന്നത് കേന്ദ്ര സർവീസിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികക്ക് തുല്യമായ ഡെവലപ്മെന്റ് കമീഷണറായിരിക്കും.

നവലിബറൽ സാമ്പത്തിക വക്താക്കളുടെ സ്വപ്നപദ്ധതിയാണ് സെസുകൾ. സാമ്പത്തിക വളർച്ചയുടെ ശതമാനത്തോതുകൾ വികസനത്തിന്റെ ഏകമാപിനിയാവുന്ന കാലത്തെ 'അതിവേഗ ബഹുദൂര പുരോഗതി'യിലേക്കുള്ള ലാസ്റ്റ് ബസ്സുകളാണവ. ഈ ശതമാനക്കണക്കുകളിൽ കടന്നുവരാത്ത സാധാരണക്കാരന്റെ വിനിമയങ്ങൾ രാജ്യപുരോഗതിയിൽ കണക്കുവെക്കാതിരിക്കുമ്പോഴാണ് സെസുകൾ എന്ന വികസനത്തുരുത്തുകൾ മുന്നണിഭേദമില്ലാതെ സ്വപ്ന സ്വർഗങ്ങളായിത്തീരുന്നത്. സ്റ്റോക്ക് എക്സ്ചേഞ്ചുകളിലെ ഊഹക്കച്ചവടങ്ങൾക്കും കയറ്റുമതിയുടെ വരണ്ട ഗ്രാഫുകൾക്കുമപ്പുറം സാധാരണക്കാരെയും അവരുടെ രാജ്യത്തെയും പരിഗണിക്കുമ്പോഴാണ് ഈ 'കയറ്റുമതി വികസന'ത്തിന്റെ മറുപുറങ്ങൾ തെളിഞ്ഞുവരുന്നത്.

പശ്ചിമബംഗാളിലെ നന്ദിഗ്രാമിലെയും ഒറീസയിലെ കലിംഗനഗറിലെയും വിസമ്മതങ്ങളാണ് അടുത്തിടെ സെസുകളെ പൊതുജനശ്രദ്ധയിലേക്ക് കൊണ്ടുവന്നത്. കർഷകരുടെ ഫലഭൂയിഷ്ഠമായ കൃഷിഭൂമി പിടിച്ചെടുക്കുകയും അവരെ അഗണ്യകോടിയിൽ തള്ളുകയും ചെയ്തതായിരുന്നു രാജ്യത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിച്ച് ഈ സംഭവങ്ങളെ ശ്രദ്ധേയമാക്കിയത്. എന്നാൽ ഇതിലും മാരകമാണ് ഈ പ്രത്യേക മേഖലകൾ ഉണ്ടാക്കുന്ന രാഷ്ട്രീയ പ്രത്യാഘാതങ്ങൾ. നിയമങ്ങളൊന്നും ബാധകമല്ലാത്ത ഒരു തുരുത്ത് ഒരു സർവാധികാരി കമീഷണറുടെ കീഴിൽ വികസിക്കുമ്പോൾ രാജ്യത്തിനകത്ത് മറ്റൊരു രാജ്യം (State within a State) രൂപപ്പെടുകയാണ്. പല പദ്ധതികളും തീർത്തും പുതിയ ടൗൺഷിപ്പുകളായാണ് രൂപംകൊള്ളുന്നത്. ഇവ ലോകോത്തര നിലവാരമുള്ള സമ്പന്ന ദ്വീപുകളായി മാറുമെന്നത് തർക്കമറ്റതാണ്. വിദേശികൾക്കും എൻ.ആർ.ഐക്കാർക്കും പിച്ചക്കാരെയും അഴുക്കുചാലുകളെയും ഭയപ്പെടാതെ യഥേഷ്ടം വിഹരിക്കാവുന്ന കൊച്ചുകൊച്ചു രാഷ്ട്രങ്ങൾ. സെസ് ആക്റ്റിന്റെ ഒരു പഴയ രേഖയനുസരിച്ച് വ്യാപാര-നികുതി-വ്യവസായ കാര്യങ്ങളിൽ വിദേശ പദവിയുള്ള ഭൂപ്രദേശങ്ങളായിരിക്കും ഇവ. ഇത്തരത്തിൽ, അനുമതി ലഭിച്ച 234-ഉം പരിഗണനയിലുള്ള 162-ഉം 'വിദേശ പദവിയുള്ള ഭൂപ്രദേശങ്ങളെ' ഒഴിച്ചുനിർത്തിയതായിരിക്കും ജനാധിപത്യ മതേതര സോഷ്യലിസ്റ്റ് റിപ്പബ്ലിക്കായ ഇന്ത്യ ഇനിമുതൽ എന്നു ചുരുക്കം.

ഭൂമി ഏറ്റെടുക്കുമ്പോൾ കുടിയിറക്കപ്പെടുന്നവരുടെ പ്രശ്നങ്ങളും ഗുരുതരമാണ്. വിദേശ നിക്ഷേപവും കയറ്റുമതിയും പ്രധാന ലക്ഷ്യമായതിനാൽ ആൾപ്പാർപ്പില്ലാത്ത ഉൾനാടൻ പ്രദേശങ്ങളിൽ സെസുകൾ ഉണ്ടാവില്ല. എയർപോർട്ടുകളുടെ വിളിപ്പാടകലെ, ഹൈവേകളാൽ സമ്പുഷ്ടമായ, ഊറ്റിയെടുക്കാൻ യഥേഷ്ടം വെള്ളമുള്ള ഭൂമിയിൽ മാത്രമേ ഈ 'രാഷ്ട്രങ്ങൾ' നിലവിൽവരൂ. അതിനാൽ കർഷകരെയും കുടികിടപ്പുകാരെയും ചേരിക്കൂട്ടങ്ങളെയുമെല്ലാം നക്കിത്തുടച്ചുകൊണ്ടുതന്നെയായിരിക്കും സെസിന്റെ എഴുന്നള്ളത്ത്. ഇതിന്റെ സ്വാഭാവിക പ്രതിഫലനമാണ് നന്ദിഗ്രാമിൽ കണ്ടത്. നേരത്തേ തന്നെ രാജ്യത്തെ വൻകിട വികസന പദ്ധതികൾക്കുവേണ്ടി- ഡാമുകൾ, എയർപോർട്ടുകൾ, എക്സ്പ്രസ് വേകൾ തുടങ്ങിയവ- ആയിരക്കണക്കിനാളുകളാണ് കുടിയിറക്കപ്പെട്ടിരിക്കുന്നത്. അവയിൽ പലതും ദേശീയ ശ്രദ്ധയാകർഷിച്ച വൻ മുന്നേറ്റ പ്രസ്ഥാനങ്ങൾ തന്നെയായി മാറിയിട്ടുണ്ട്. ഇതിനുപുറമെയാണ് പതിനായിരക്കണക്കിന് ഏക്കർ ഭൂമി കൂടി പിടിച്ചെടുത്ത് ലക്ഷക്കണക്കിനാളുകളെ വഴിയാധാരമാക്കുന്നത്. ഇവരുടെയൊക്കെയും നിത്യവൃത്തികൾ കൂടിയാണ് ഇതോടൊപ്പം പിഴുതെറിയപ്പെടുന്നത്. ഒരു രാജ്യത്തെ ലക്ഷക്കണക്കിന് വരുന്ന മനുഷ്യരുടെ കിടപ്പാടത്തിലേക്കും ജീവിതോപാധികളിലേക്കും ജെ.സി.ബി ഇടിച്ചുക

യറ്റി ഏതാനും വൻകിട സ്വദേശി-വിദേശി കുത്തകകൾക്ക് സർവവിധ ഇളവുകളും നൽകി സാമ്പത്തിക വളർച്ചയുടെ തോത് വർധിപ്പിക്കുന്ന ഭ്രാന്തൻ വികസന മാനിയ കടുത്ത രാഷ്ട്രീയ നിരക്ഷരത യിൽനിന്നാണുണ്ടാവുന്നത്. കേംബ്രിഡ്ജ് പോലുള്ള കേളികേട്ട സർവകലാശാല കളിൽ എഴുത്തിനിരുത്തപ്പെട്ടവർക്കു ത ന്നെയാണ് ഈ നിരക്ഷരത ബാധിക്കുന്ന തെന്നത് യാദൃച്ഛികമല്ല.

ഇന്ത്യയിലെ 234 സെസുകളിലൂടെ മൂന്ന് ലക്ഷം കോടിയുടെ നിക്ഷേപവും 40 ലക്ഷം ആളുകൾക്ക് തൊഴിലും ഉണ്ടാ വുമെന്ന് ഇന്ത്യാ ഗവൺമെന്റിന്റെ വെബ് സൈറ്റ് അവകാശപ്പെടുന്നു. 2006 – '07-ൽ മാത്രം 34,787 കോടിയുടെ കയറ്റുമതിയും ഉണ്ടായിട്ടുണ്ടത്രെ. പക്ഷേ, കുടിയിറക്ക പ്പെട്ട ലക്ഷക്കണക്കിനാളുകളുടെ നഷ്ട പ്പെട്ട ജോലികൾ ഇതിൽ പരാമർശവിധേ യമായിട്ടില്ല. പുതുതായി ഉണ്ടാവുന്ന തൊ ഴിലുകളധികവും ഉയർന്ന പരിശീലനം ആവശ്യമുള്ളവയാകയാൽ പറിച്ചെറിയ പ്പെട്ടവർക്കാർക്കും ഇവിടെ പ്രവേശനമു ണ്ടാവുകയില്ല. രാജ്യത്തിന്റെ കൃഷിയെ യും ചെറുകിട മേഖലകളെയും ഈ ഐ. ടി-ബി.ടി വിപ്ലവം സാരമായി ബാധിക്കു ക തന്നെ ചെയ്യും. സെസുകളിലെ നിർ ലോഭമായ ഇളവുകൾ റവന്യൂ വരുമാന ത്തെ തളർത്തുകയും കള്ളക്കടത്തിന് പ്രോത്സാഹനം നൽകുകയും ചെയ്യുമെ ന്ന് വിദഗ്ധർ നിരീക്ഷിക്കുന്നു.

കുടിയിറക്കപ്പെടുന്നവർക്ക് 'മാർ ക്കറ്റ് വില' അനുസരിച്ച് നഷ്ടപരിഹാരം നൽകുമെന്നാണ് സർക്കാർ ഭാഷ്യം. ഇ തിന്റെ സംഭവ്യത തന്നെ സംശയാസ്പദ മാണ്. ഇനി നഷ്ടപരിഹാരം നൽകി യാൽതന്നെ പാവപ്പെട്ട കർഷകന് അതു കൊണ്ട് പ്രത്യേകിച്ച് ഒന്നും ചെയ്യാനാവി ല്ല. നഷ്ടപരിഹാരത്തുക കൊണ്ട് കൃഷി ബാഹ്യമായ മേഖലകളിൽ മുതലിറക്ക പ്പെടുമെന്നും കൂടുതൽ തൊഴിലവസര ങ്ങൾ സൃഷ്ടിക്കപ്പെടുമെന്നുമൊക്കെയു ള്ള സാമ്പത്തിക ശാസ്ത്രതത്ത്വങ്ങൾ ബിരുദ ടെക്സ്റ്റ് ബുക്കുകൾക്ക് അലങ്കാ രം മാത്രമായി അവശേഷിക്കും. സ്വാത ന്ത്ര്യാനന്തര ഇന്ത്യയിലെ പല വികസന പദ്ധതികൾക്കുമായി കുടിയിറക്കപ്പെട്ടവർ ഇന്ന് നഗരപ്രദേശങ്ങളിൽ ചേരിക്കൂട്ടങ്ങ ളായി കഴിയുന്നു എന്ന സത്യം നമ്മുടെ മുന്നിലുണ്ട്.

നിക്ഷേപത്തെക്കുറിച്ചും തൊഴിൽ സൃഷ്ടിപ്പിനെക്കുറിച്ചും വൻവ്യവസായി കൾ നൽകാറുള്ള ഇത്തരം ഉറപ്പുകൾ പ ലപ്പോഴും പാലിക്കപ്പെടാറില്ല എന്നതും വസ്തുതയാണ്. '90 -കൾക്കു മുമ്പ് പെ പ്സികോള ഇന്ത്യയിലേക്ക് വരുമ്പോൾ കൃഷിയെ ശക്തിപ്പെടുത്തുകയും ധാരാ ളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്ന ഉറപ്പ് സർക്കാറിന് നൽകി യിരുന്നു. ഒന്നും തന്നെ പാലിക്കപ്പെട്ടില്ല. പിന്നീട് '90-കളിൽ ഇത്തരം ഉപാധിക ളൊക്കെ എടുത്തുനീക്കി പെപ്സിക്ക് ചുവന്ന പരവതാനി വിരിക്കപ്പെട്ടതാണ് കാണാൻ കഴിഞ്ഞത്. ദൽഹിയിൽ, ദരി ദ്രർക്ക് ചികിത്സാനുകൂല്യങ്ങൾ നൽകാ മെന്ന ഉറപ്പിലാണ് ധാരാളം ഭൂമി സർക്കാർ വൻകിട സ്വകാര്യ ആശുപത്രികൾക്ക് കൈമാറിയത്. ആനുകൂല്യങ്ങൾ നൽ കിയില്ലെന്നു മാത്രമല്ല, രാഷ്ട്രീയ സ്വാ ധീനം ഉപയോഗിച്ച് അത്തരം നിയമങ്ങ ളിൽ വെള്ളം ചേർക്കാനാണ് ആശുപത്രി ഉടമകൾ പിന്നീട് ശ്രമിച്ചത്.

ഈ അനുഭവങ്ങൾ മുൻനിർത്തി, ഏറ്റെടുക്കുന്ന ഭൂമി പറയപ്പെട്ട ആവശ്യ ങ്ങൾക്കു തന്നെ ഉപയോഗിക്കപ്പെടുമെന്ന തിന് എന്താണ് ഗ്യാരന്റി? ദൽഹിക്കടുത്ത ഗുഡ്ഗാവിൽ ഡി.എൽ.എഫ് കമ്പനി ഭൂമി ഏറ്റെടുത്ത സംഭവം ഇതിനുദാഹരണമാ ണ്. NH 48-ൽ നഗരവത്കരണം നടത്താൻ പോകുന്ന ഭാഗങ്ങളെക്കുറിച്ച് നേരത്തേ തന്നെ വിവരം ശേഖരിച്ച കമ്പനി ആ പ്രദേശങ്ങൾ കർഷകരിൽനിന്ന് തുച്ഛവി ലയ്ക്ക് വാങ്ങിക്കൂട്ടി. പിന്നീട് 20 വർഷ ത്തിനുള്ളിൽ ഊഹക്കച്ചവടത്തിലൂടെ 500 ഇരട്ടിയോളം വില വർധിപ്പിച്ചാണ് റിയൽ എസ്റ്റേറ്റ് കച്ചവടം പൊടിപൊടിച്ചത്. കമ്പ നികൾ ഉറപ്പുകൾ പാലിച്ചില്ലെങ്കിൽ ഭൂമി ഉടമകൾക്ക് തിരിച്ചുകൊടുക്കാൻ സർക്കാ റിന് ബാധ്യതയില്ലെന്ന് അടുത്തിടെ ഒരു സുപ്രീംകോടതി വിധിയും വരികയുണ്ടാ യി.

പ്രത്യേക സാമ്പത്തിക മേഖലക ളുടെ രൂപീകരണത്തിൽ തികഞ്ഞ ജനാ ധിപത്യവിരുദ്ധത നിലനിൽക്കുന്നുവെ ന്നത് മറ്റൊരു പ്രശ്നമാണ്. എവിടെയാ ണ് സ്ഥലം അക്വയർ ചെയ്യേണ്ടത് എന്ന് സർക്കാർ വ്യാപാരികളോടും വ്യവസായി കളോടും ചർച്ച ചെയ്യാറുണ്ടെങ്കിലും തദ്ദേ ശവാസികളുടെ അഭിപ്രായം പരിഗണിക്ക പ്പെടാറേയില്ല.

വികസനത്തിന്റെ ഈ തുരുത്തുക ളിൽ യാതൊരുവിധ തൊഴിൽ നിയമ ങ്ങളും ബാധകമായിരിക്കില്ല. തൊഴിലാ ളികളുടെ തൊഴിൽ സുരക്ഷ, സാമ്പത്തി ക സുരക്ഷ, തൊഴിൽ സ്ഥലത്തെ സുര ക്ഷ, ജോലി സ്ഥിരത, സംഘടനാ സ്വാ തന്ത്ര്യം തുടങ്ങിയതൊന്നും തന്നെ പ്ര ത്യേക സാമ്പത്തിക മേഖലയിൽ പറഞ്ഞ തല്ല. ലേബർ കമീഷണറുടെ ഉത്തരവാ ദിത്വവും ഡെവലപ്മെന്റ് കമീഷണർക്കു തന്നെയായിരിക്കും.

സമൂഹത്തിലെ സാധാരണക്കാരായ ഭൂരിപക്ഷത്തിന്റെ ചെലവിൽ ഒരു സ മ്പന്ന ന്യൂനപക്ഷം തടിച്ചുചീർക്കുന്നു എ ന്നതാണ് ഈ വികസനത്തുരുത്തുകളു ടെ ആകത്തുക. എന്തുചെയ്തിട്ടാണെങ്കി ലും സാമ്പത്തിക വളർച്ചയുണ്ടാക്കണം (Growth at any cost) എന്ന നവ ലിബ റൽ മുതലാളിത്ത വീക്ഷണമാണ് ഇതി ന്റെ അടിയാധാരം. കേരളത്തിലെ ഇടതു സർക്കാറിന്റെ വ്യവസായ നയത്തിലടക്കം പ്രത്യേക സാമ്പത്തിക മേഖലകൾ സ്വീകാ ര്യമായിക്കഴിഞ്ഞിരിക്കുകയാണ്. പുതു തായി വരുന്ന പല സ്വപ്ന പദ്ധതികളും സെസിൽപെട്ടതാണ് എന്നുപോലും തിരി ച്ചറിയാനാവാത്ത അവസ്ഥ സംജാതമാ യിരിക്കുന്നു. വല്ലാർപ്പാടത്തെ കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കാക്കനാട്ടെ ഇൻഫോ പാർക്ക്, തിരുവനന്തപുരത്തെ ഇലക്ട്രോ ണിക് ടെക്നോളജി പാർക്, ടെക്നോളജി പാർക്ക്സ് കേരള, കഴക്കൂട്ടത്തെ കിൻഫ്ര യുടെ ഐ.ടി വിഭാഗം, കോഴിക്കോട് കാക്കഞ്ചേരി കിൻഫ്രയുടെ ഭക്ഷ്യ പാർക്ക്, കൊച്ചിയിലെ കിൻഫ്രയുടെ ഇല ക്ട്രോണിക്സ് വിഭാഗം, എറണാകുളം ജില്ലയിലെ യൂണിടെക് റിയൽ എസ്റ്റേറ്റ്, പാർശ്വനാഥ് ഡെവലപേഴ്സ്, ടി.സി.ജി അർബൻ ഇൻഫ്രാസ്ട്രക്ച്ചേഴ്സ് എന്നീ കമ്പനികൾക്കാണ് കേരളത്തിൽ പ്രത്യേക സാമ്പത്തിക മേഖലകൾക്ക് പൂർണമായ അംഗീകാരം നൽകിയിരിക്കുന്നത്. സ്മാർട്ട് സിറ്റി, കളമശ്ശേരിയിലെ സുതർ ലാന്റ് ഗ്ലോബൽ സർവീസസ് എന്നീ കമ്പ നികൾക്ക് തത്ത്വത്തിലുള്ള അംഗീകാ രവും ലഭിച്ചിരിക്കുന്നു.

## സ്മാർട്ട് സിറ്റിയുടെ വിശേഷങ്ങൾ

ഇടതു സർക്കാർ ഒരു വർഷം പൂർ ത്തിയാക്കുമ്പോൾ മൂന്നാറിലെ ജെ.സി. ബി പ്രയോഗത്തോടൊപ്പം ഏറ്റവും വലിയ ഭരണനേട്ടമായിപ്പറയുന്നത് പുതുക്കിയ സ്മാർട്ട് സിറ്റി കരാറാണ്. ഉമ്മൻചാണ്ടി യുടെ കാലത്താണ് സ്മാർട്ട് സിറ്റിയുടെ ആശയം രൂപപ്പെടുന്നത്. ഇരു സർക്കാ റുകളുടെ കരാറിലും സ്മാർട്ട് സിറ്റി 'സെസി'ലായിരിക്കുമെന്നും അതിനാൽ തന്നെ പദ്ധതിക്ക് ലഭ്യമാവുന്ന പ്രത്യേക ഇളവുകളെക്കുറിച്ചും കൃത്യമായ പരാമർ ശമുണ്ട്. ദുർബലയായ ഗർഭിണിയുടെ ഊരക്കൊരു ചവിട്ട് എന്നുപറഞ്ഞപോലെ യായിരുന്നു 'സെസി'ൽ സ്ഥാപിതമാവുന്ന ഒരു പ്രോജക്റ്റിനുവേണ്ടി യു.ഡി.എഫ് സർക്കാർ സംസ്ഥാനത്തിന്റെ ബാക്കി അവകാശങ്ങളും കച്ചവടത്തിനുവെച്ചത്. ഈ വിഷയങ്ങളിൽ സംസ്ഥാന താൽപര്യം ഉയർത്തിപ്പിടിക്കാൻ അച്യു താനന്ദന്റെ 'സൈദ്ധാന്തിക ദുർവാശി'ക്ക് സാധിച്ചുവെന്നതാണ് ഇടതുസർക്കാറിന്റെ തിളക്കം കൂട്ടിയത്.

2005 ഏപ്രിൽ 28-നാണ് യു.ഡി. എഫ് സർക്കാർ സ്മാർട്ട് സിറ്റിയുടെ പ്രാ ഥമിക കരാർ ഒപ്പിടുന്നത്. തുടക്കത്തിൽ കരാറിന്റെ വിശദാംശങ്ങളൊന്നും സർ

ക്കാർ പുറത്തുവിട്ടിരുന്നില്ല. പിന്നീട് അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന വി.എസിന്റെ നിരന്തര സമ്മർദങ്ങളും അധിനിവേശ പ്രതിരോധ സമിതിയുടെ കോടതി ഹരജിയും കാരണമായി വിശദാംശങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും നിയമസഭാ തെരഞ്ഞെടുപ്പ് അടുത്ത ഘട്ടത്തിൽ അന്തിമ കരാർ ഒപ്പിടാതിരിക്കുകയും ചെയ്തു. കരാറിലെ വ്യവസ്ഥകളെ സംബന്ധിച്ച്, ദേശവിരുദ്ധമെന്നും വികസനത്തിന്റെ അവസാന ബസ്സെന്നുമൊക്കെയുള്ള വാദകോലാഹലങ്ങൾ തെരഞ്ഞെടുപ്പു കാലത്ത് ചൂടുപിടിച്ചു. മുഖ്യമന്ത്രിയായി വന്ന വി.എസ് തന്റെ ശാഠ്യങ്ങളിൽ ഉറച്ചുനിന്നു. പുതിയ വ്യവസ്ഥകളൊക്കെയും അംഗീകരിച്ച് ടീകോമുമായി 2007 മെയ് 13-ന് എൽ.ഡി.എഫ് സർക്കാർ കരാർ ഒപ്പിടുകയും ചെയ്തു.

ഇരു സർക്കാറുകളുടെയും കരാറുകളിൽ പ്രകടമായ വ്യത്യാസങ്ങൾ ദൃശ്യമാണ്.

### യു.ഡി.എഫ് കരാർ

1. 236 ഏക്കർ ഭൂമിക്ക് വില 26 കോടി രൂപ
2. സർക്കാറിന്റെ ഓഹരി 9%
3. 136 ഏക്കറിന് ഉടമാവകാശം, 100 ഏക്കറിന് പാട്ടം
4. ഇൻഫോപാർക്കും അനുബന്ധ സൗകര്യങ്ങളും വിട്ടുകൊടുക്കും
5. എറണാകുളം ജില്ലയിൽ സർക്കാർ മുൻകൈയിൽ മറ്റു ഐ.ടി പാർക്കുകൾ പാടില്ല
6. പത്തുവർഷം കൊണ്ട് 33,000 പേർക്ക് തൊഴിൽ
7. 20 ലക്ഷം ചതുരശ്ര അടി കെട്ടിടം നിർമിക്കും. ഇല്ലെങ്കിൽ സ്ഥലം ഏറ്റെടുക്കും
8. ഐ.ടി ആവശ്യങ്ങൾക്ക് എത്ര ഭൂമിയെന്ന് വ്യവസ്ഥയില്ല

### എൽ.ഡി.എഫ് കരാർ

1. വില 104 കോടി രൂപ
2. തുടക്കത്തിൽ 16%, അഞ്ചുവർഷം കൊണ്ട് 26%
3. 99 വർഷത്തെ പാട്ടക്കരാർ. 30 ഏക്കറിൽ സ്വതന്ത്രാവകാശം
4. വിട്ടുകൊടുക്കില്ല
5. ആവാം.
6. 90,000 പേർക്ക് തൊഴിൽ
7. 88 ലക്ഷം ചതുരശ്ര അടി കെട്ടിടം നിർമിക്കും. പൂർത്തിയായില്ലെങ്കിൽ പദ്ധതി സർക്കാർ ഏറ്റെടുക്കും.
8. 70% സ്ഥലവും ഐ.ടി ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ.

ഈ വ്യത്യാസങ്ങളുടെ രാഷ്ട്രീയ വാഗ്വാദങ്ങൾക്കിടയിൽ മൂടിവെക്കപ്പെട്ട മറ്റുചില യാഥാർഥ്യങ്ങൾ കൂടിയുണ്ട്. ഏതൊരു പ്രത്യേക സാമ്പത്തിക മേഖലയും വരുത്തിവെക്കുന്ന, നേരത്തേ സൂചിപ്പിച്ച മുഴുവൻ പ്രത്യാഘാതങ്ങളും നില നിൽക്കെത്തന്നെ യു.ഡി.എഫും എൽ.ഡി.എഫും ഒരുപോലെ അംഗീകരിച്ച പല വ്യവസ്ഥകളും അതിഭീകരങ്ങളാണ്. ഇരു കൂട്ടർക്കും എതിർപ്പില്ലാത്തവയായതിനാലും, ഇരു കരാറുകളിലും ഒരേ വാചകങ്ങളിൽ എഴുതിയതായതിനാലും ഇക്കാര്യങ്ങൾ ഇനിയും പൊതുജനശ്രദ്ധയിൽ വന്നിട്ടില്ല.

1. സ്മാർട്ട് സിറ്റിക്കു ചുറ്റും കമ്പിവേലി കെട്ടിത്തിരിക്കാൻ സർക്കാർ സഹായിക്കണം.
2. സ്ഥിരമായ ജലസ്രോതസ്സ് ഉറപ്പുവരുത്താൻ സർക്കാറിന് ബാധ്യതയുണ്ടാവും. അത് സാധ്യമായില്ലെങ്കിൽ റോഡുകൾ, പുഴകൾ, പൊതുഭൂമികൾ എന്നിവയിലൂടെ പൈപ്പിട്ട് വെള്ളമെടുക്കാൻ അനുവദിക്കണം.
3. വൈദ്യുത ഉൽപാദന കേന്ദ്രം നിർമിച്ച് പ്രവർത്തിപ്പിക്കാൻ അനുവാദം കൊടുക്കണം
4. അന്താരാഷ്ട്ര ആതിഥ്യ മര്യാദകൾക്കനുസരിച്ച് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് അപ്രൂവൽ സംവിധാനം വേണം.
5. തടസ്സമില്ലാത്ത വൈദ്യുതി വിതരണം ഉറപ്പുവരുത്താൻ സർക്കാറിന് ബാധ്യതയുണ്ട്.
6. സ്മാർട്ട് സിറ്റിക്കകത്തെ കമ്പനികൾ വൈദ്യുതി നിരക്ക് കുറക്കണമെന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമീഷനോട് ആവശ്യപ്പെട്ടാൽ സർക്കാർ അതിനെ പിന്തുണക്കണം.
7. കൊച്ചിയിൽനിന്നും ചുറ്റുവട്ടത്തെ പ്രദേശങ്ങളിൽനിന്നും സ്മാർട്ട് സിറ്റിയിലേക്ക് സ്ഥിരം ബസ്/മെട്രോ സർവീസുകൾ സർക്കാർ ആരംഭിക്കണം.
8. എയർപോർട്ട്, തുറമുഖ റോഡ് എന്നിവയിലേക്ക് നാഷ്നൽ ഹൈവേ നിലവാരത്തിലുള്ള ലിങ്ക് റോഡുകൾ നിർമിച്ച് നിലനിർത്താനുള്ള ബാധ്യത സർക്കാറിനായിരിക്കും.
9. സ്മാർട്ട് സിറ്റിക്കകത്ത് അന്തർദേശീയ നിലവാരത്തിലുള്ള ഒരു ബിസിനസ് സ്കൂൾ ആരംഭിക്കാനുള്ള ശ്രമത്തിന് സർക്കാർ സൗകര്യങ്ങളൊരുക്കണം.
10. സ്മാർട്ട് സിറ്റിയിൽനിന്നുള്ള വിമാനയാത്രക്കാർക്ക് അവിടെത്തന്നെ ചെക്ക്-ഇൻ കൗണ്ടർ സ്ഥാപിച്ചുകൊടുക്കണം.

വിശദീകരണങ്ങൾ ആവശ്യമില്ലാത്തവിധം കാര്യങ്ങൾ വ്യക്തമാണ്. തൊഴിലവസരങ്ങളുടെ എണ്ണവും നിക്ഷേപാനന്തര വികസനങ്ങളും ഒരു വശത്തും സർക്കാർ ഭാഗത്തുനിന്നുള്ള അടിയറവുകൾ (സെസ് വ്യവസ്ഥകൾ ഉൾപ്പെടെ) മറു ഭാഗത്തും വെച്ചുള്ള ഒരു ബാലൻസ് ഷീറ്റിലൂടെ മാത്രമേ ഈ പദ്ധതിയുടെ യഥാർഥ ഗുണം തിട്ടപ്പെടുത്താനാവൂ. ഇത്തരം വികസനങ്ങൾ തന്നെയാണോ നമുക്ക് വേണ്ടത് എന്ന അടിസ്ഥാനപരമായ ചോദ്യവും അവശേഷിക്കുന്നുണ്ട്. ജനങ്ങളുടെ കുടിയിറക്കപ്പെടൽ ഭീഷണി താരതമ്യേന കുറവായതിനാലും നിലവിലുള്ള പല പദ്ധതികളും സെസ് ആയി പരിവർത്തിപ്പിക്കപ്പെടുന്നതിനാലും കേരളത്തിൽ സെസ് പദ്ധതികളുടെ ഭീകരത വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോവുന്ന ദുരവസ്ഥയുമുണ്ട്. സ്മാർട്ട് സിറ്റി മാത്രമല്ല, സെസിൽ ഉൾപ്പെട്ട ഏതു തരം പുതിയ പദ്ധതികളോടും ഇത്തരമൊരു സമീപനമേ സ്വീകരിക്കാനാവൂ. ■